ഭരണഭാഷ - മാതൃഭാഷ

# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ: എ. മുരളീധരൻ)**

തിരുവനന്തപുരം.

**നം. 27689/2019/ഇ4/ഡി.പി.** **തീയതി: 11.12.2019**

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം -ഷൊർണ്ണൂർ ഗവ: പ്രസ്സിലെ രണ്ടാം ഗ്രേഡ് പ്രിന്റർ ശ്രീമതി.ഇ.എ.സുഹ്റ യുടെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം-1. ജി.ഒ.(പി) നമ്പർ 656/2012/ഫിൻ തീയതി, 01.12.2012

2. കെ.എസ്.ആർ. ഭാഗം I അനുബന്ധം XII C
3. അച്ചടി വകുപ്പ് ഡയറക്ടറുടെ 30.12.2014-ലെ 25604/2014/ഇ4 നമ്പർ നടപടിക്രമം
4. ഷൊർണ്ണൂർ ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 03.12.2019-ലെ 3734/19/ഇ3 നമ്പർ കത്ത്.
5. രണ്ടാം ഗ്രേഡ് പ്രിന്റർ ശ്രീമതി.ഇ.എ.സുഹ്റയുടെ 28.11.2019-ലെ അപേക്ഷ.

## ഉത്തരവ്

അച്ചടി വകുപ്പ് ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ രണ്ടാം ഗ്രേഡ് പ്രിന്റർ ശ്രീമതി. ഇ.എ.സുഹ്റയ്ക്ക് പരാമർശം (3) ഉത്തരവ് പ്രകാരം 01.01.2015 മുതൽ 31.12.2019 വരെ പരാമർശം (2)-ലെ ചട്ട പ്രകാരം 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത കാലാവധി 31.12.2019-ന് അവസാനിക്കുന്നതിനാൽ 01.01.2020 മുതൽ 5 വർഷത്തേക്ക് കൂടി പ്രസ്തുത ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. ഇ.എ.സുഹ്റ പരാമർശം (5) പ്രകാരം അവധി അപേക്ഷ സമർപ്പിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ അച്ചടി വകുപ്പ് ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ രണ്ടാം ഗ്രേഡ് പ്രിന്റർ ശ്രീമതി. ഇ.എ.സുഹ്റയ്ക്ക്, ടിയാളുടെ വിദേശത്തുള്ള ഭർത്താവിനൊപ്പം താമസിക്കുന്നതിനായി പരാമർശം (1)-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്. ആർ. ഭാഗം I അനുബന്ധം XII C യിലെ നിബന്ധനകൾക്ക് വിധേയമായി 01.01.2020 മുതൽ 31.12.2024 വരെ 5 വർഷത്തേക്ക് കൂടി ടിയാളുടെ ശൂന്യവേതനാവധി കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഒപ്പ്)

അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തിക്ക്

പകർപ്പ്:- ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ: പ്രസ്സ്, ഷൊർണ്ണൂർ/
അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ ഗവ: പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ. /
അഡ്മിനിസ്ട്രേറ്റീവ് ആഫീസർ / സീനിയർ സൂപ്രണ്ട് / ജൂനിയർ സൂപ്രണ്ട് ഇ1, /
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

എം.കെ.